# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.03/PR/PIC/PHQ/18 Date : 07.01.2018

---

## സുരക്ഷ നടപടികൾക്ക് ഫലം കാണുന്നു

## റോഡപകടങ്ങളും അപകട മരണങ്ങളും കുറഞ്ഞു

ഗതാഗത സുരക്ഷയ്ക്കായി സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് ഫലം കാണുന്നു. കേരളത്തിലെ റോഡപകടങ്ങളിൽ 2016 നെ അപേക്ഷിച്ച് 2017 ൽ കുറവുവന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. 2016 ൽ 39420 റോഡപകടങ്ങൾ സംസ്ഥാനത്തുണ്ടായപ്പോൾ 2017 ൽ അത് പ്രാഥമിക കണക്കുകൾ പ്രകാരം 38462 റോഡപകടങ്ങളെ സംസ്ഥാനത്ത് ഉണ്ടായുള്ളൂ. മൊത്തം മരണസംഖ്യയിലും പരുക്കേറ്റവരുടെ എണ്ണത്തിലും കുറവുണ്ട്. 2016 ൽ 4287 മരണങ്ങളുണ്ടായപ്പോൾ, 2017 ൽ അത് 4035 ആയി കുറഞ്ഞു. ഗുരുതരമായി പരിക്കേറ്റവരുടെ എണ്ണം 2016 ൽ 30100 എന്നതിൽ നിന്ന് 29471 ആയും പരിക്കേറ്റവരുടെ എണ്ണം 14008 ൽ നിന്നും, 12840 ആയും കുറഞ്ഞു.

തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, ആലപ്പുഴ, എറണാകുളം റൂറൽ, ഇടുക്കി, തൃശ്ശൂർ സിറ്റി, തൃശ്ശൂർ റൂറൽ, മലപ്പുറം, കോഴിക്കോട് റൂറൽ, വയനാട്, കാസർഗോഡ് ജില്ലകളിൽ 2016 നെ അപേക്ഷിച്ച് മരണസംഖ്യയിൽ കുറവുണ്ട്.

തിരുവനന്തപുരം സിറ്റി, കൊല്ലം റൂറൽ, പത്തനംതിട്ട, എറണാകുളം സിറ്റി, എറണാകുളം റൂറൽ, ഇടുക്കി, തൃശ്ശൂർ റൂറൽ, പാലക്കാട്, മലപ്പുറം, കോഴിക്കോട് സിറ്റി എന്നീ ജില്ലകളിൽ ആകെ വാഹനാപകടങ്ങളുടെ എണ്ണത്തിലും കുറവുണ്ടായി.

ഗുരുതരമായി പരിക്കേറ്റവരുടെ എണ്ണത്തിൽ തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം സിറ്റി, തൃശ്ശൂർ റൂറൽ, പാലക്കാട്, മലപ്പുറം, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 2016 നെ അപേക്ഷിച്ച് എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. തിരുവന്തപുരം റൂറൽ, കൊല്ലം സിറ്റി, പാലക്കാട് ജില്ലകളിൽ ഒഴികെ മറ്റ് ജില്ലകളിൽ പരിക്കേറ്റവരുടെ എണ്ണത്തിലും കുറവ് വന്നിട്ടുണ്ട്.

റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നിരവധി പദ്ധതികൾ സർക്കാരും പോലീസും, മോട്ടോർ വാഹനവകുപ്പും മറ്റ് ഏജൻസികളും ആവിഷ്കരിച്ചിരുന്നു. സ്കൂൾ കുട്ടികളുടെ സഹായത്തോടെ ബോധവത്ക്കരണം നടത്തുന്നതിനുള്ള ശുഭയാത്ര പദ്ധതി, അപകടത്തിൽപ്പെട്ടവർക്ക് വേഗത്തിൽ ചികിത്സ കിട്ടുന്നതിന് സോഫ്റ്റ് പദ്ധതി (Save our Fellow Traveller) തുടങ്ങിയവ കേരള പോലീസ്

ആവിഷ്കരിച്ചത് ഇതിന്റെ ഭാഗമായാണ്. ഇതിൽ സോഫ്റ്റ് പദ്ധതിയ്ക്ക് ദേശീയ അംഗീകാരവും ലഭിച്ചിരുന്നു. കൂടുതൽ അപകടങ്ങൾ നടന്ന മേഖലകൾ കണ്ടെത്തി പോലീസിനെ വിന്യസിച്ചതും പോലീസും മോട്ടോർ വാഹനവകുപ്പും ഉൾപ്പെടെയുള്ള ഏജൻസികൾ കൂടുതൽ നിരീക്ഷണ ക്യാമറകളും, ഇന്റർസെപ്റ്റർ പോലുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചതും അപകടങ്ങൾ കുറയാൻ സഹായിച്ചിട്ടുണ്ട്. അലക്ഷ്യമായ പാർക്കിങ് ഒഴിവാക്കാനുള്ള നടപടികളും രൂപം മാറ്റിയ വാഹനങ്ങൾക്ക് എതിരെയുള്ള നടപടികളും ഇതോടൊപ്പം കൈകൊണ്ടതും അപകടങ്ങൾ കുറയാൻ കാരണമായിട്ടുണ്ട്.

2017 അവസാനമാസത്തിൽ പോലീസ് ആസ്ഥാനത്ത് നടന്ന ക്രൈം കോൺഫറൻസിൽ ഈ വർഷം അപകടങ്ങളും അപകടമരണങ്ങളും കുറയ്ക്കുന്നതിന് കൂടുതൽ നടപടികൾ കൈക്കൊള്ളണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നിർദ്ദേശിച്ചു.

*************